പതിനാലാം കേരള നിയമസഭ

**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 4993

22.05.2017 ൽ
മറുപടിയ്ക്ക്.

<u>ഹൈസ്കൂൾ തലത്തിൽ ഇംഗ്ലീഷ് ഭാഷ</u>

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.എം.വിൻസെന്റ് | പ്രൊഫ. സി.രവീന്ദ്രനാഥ് (ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം ജില്ലയിൽ 29 സർക്കാർ ഹൈസ്കൂളുകളിൽ ഇംഗ്ലീഷ് അദ്ധ്യാപകരുടെ ഒരു തസ്തിക പോലും ഇല്ല എന്നിരിക്കെ, ടി സ്കൂളുകളിൽ ഇംഗ്ലീഷ് വിഷയം പഠിപ്പിക്കുന്നത് ആരെന്ന് വ്യക്തമാക്കാമോ ; | (എ) 07.01.2002 തീയതിയിലെ സ.ഉ (കൈ) നം. 11/02/പൊ.വി. പ്രകാരം 8 മുതൽ 10 വരെ ക്ലാസുകളിൽ ആകെ 5 ഡിവിഷനുകൾ എങ്കിലും ഉണ്ടെങ്കിൽ മാത്രമേ ഹൈസ്കൂളിൽ ഒരു ഹൈസ്കൂൾ അസിസ്റ്റന്റ് (ഇംഗ്ലീഷ്)ന്റെ തസ്തിക അനുവദിക്കാൻ കഴിയൂ. 8 മുതൽ 10 വരെ ക്ലാസുകളിൽ ഓരോ ഡിവിഷനോ അല്ലെങ്കിൽ ആകെ 4 ഡിവിഷനോ മാത്രം ഉള്ള സ്കൂളുകളിൽ ഇംഗ്ലീഷ് അദ്ധ്യാപകന്റെ തസ്തിക അനുവദിക്കുന്നില്ല എന്നത് വസ്തുതയാണ്. ഇത്തരം വിദ്യാലയങ്ങളിൽ മറ്റ് കോർ സബ്ജക്ടുകൾ ( ഭൗതിക ശാസ്ത്രം,ഗണിത ശാസ്ത്രം, സാമൂഹ്യ ശാസ്ത്രം മുതലായവ) പഠിപ്പിക്കുന്ന അദ്ധ്യാപരാണ് ഇംഗ്ലീഷ് പഠിപ്പിക്കുന്നത്. |
| (ബി) മറ്റ വിഷയങ്ങളിൽ ഡിഗ്രിയും, ബി എഡ്ഡും എടുത്തവർ ആണ് ഹൈസ്കൂൾ തലത്തിൽ ഇംഗ്ലീഷ് പഠിപ്പിക്കുന്നതെങ്കിൽ അതുമൂലം കുട്ടികളുടെ ഇംഗ്ലീഷ് ഭാഷ പരിജ്ഞാനത്തിൽ കണ്ടു വരുന്ന പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |

| | | | |
|---|---|---|---|
| (സി) | പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഇംഗ്ലീഷ് വിഷയത്തിന് പ്രാധാന്യം നൽകുന്ന അവസരത്തിൽ ജില്ലയിലെ ഹൈസ്കൂളുകളിൽ ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കുവാൻ ഒരു ഇംഗ്ലീഷ് അദ്ധ്യാപകൻ പോലും ഇല്ല എന്നത് ടി ആശയത്തിന്റെ ശോഭ കെടുത്തും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | (സി) | ഇല്ല |
| (ഡി) | ടി സ്കൂളുകളിൽ ഹൈസ്കൂൾ തലത്തിൽ ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിന് സർക്കാർ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ ; വ്യക്തമാക്കാമോ ? | (ഡി) | നിലവിൽ തീരുമാനമൊന്നും എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ